II. ഉത്തരത്തിലെ തിരുത്ത്

Mr. Speaker: Correction Statement by the Minister for Information and Parliamentary Affairs on behalf of the Minister for Forest and Sports.

ഇൻഫർമേഷനും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, 10-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ 27-2-2001-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 784-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലും 11-ാം കേരള 9.30 A.M.] നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 18-6-2003-ൽ മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 430-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലും പിശകുകൾ കടന്നുകൂടിയിരുന്നു. അവയുടെ തിരുത്തിയ ഉത്തരങ്ങൾ വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. †

III. ശ്രദ്ധക്ഷണിക്കൽ

(1) കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുകയും സർവ്വീസുകൾ നിർത്തലാക്കുകയും ചെയ്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. ബിനോയ് വിശ്വം: സർ, കെ.എസ്. ആർ.ടി.സി.-യെ സംരക്ഷിക്കേണ്ട ഗവൺമെന്റ് ആ മഹത്തായ സ്ഥാപനത്തെ കൈയൊഴിയുകയാണോ എന്നു ചോദിക്കേണ്ടി വന്നിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളോട് അങ്ങേയറ്റത്തെ നീതി പുലർത്തുന്ന സ്ഥാപനമാണ് കെ. എസ്.ആർ.ടി.സി. അതിനെപ്പറ്റി ആർക്കും തർക്കമില്ല. ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യോടു അശേഷം സ്നേഹം കാണിക്കുന്നില്ല. ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഒരു കാശുപോലും നീക്കിവച്ചിട്ടില്ല. യു.ഡി.എഫ്. എന്നൊക്കെ അധികാരത്തിൽ കയറിയോ അന്നെല്ലാം കെ.എസ്.ആർ.ടി.സി-ക്ക് അവഗണന മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത്രയും ക്രൂരമായ അവഗണന ഒരിക്കലും ഈ സ്ഥാപനത്തോടു കാണിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പോലും കഴിഞ്ഞ ദിവസം പറയുകയുണ്ടായി. പക്ഷേ ഗവൺമെന്റ് അതു കേൾക്കുന്നില്ല. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിന്റെ കാരണം പറഞ്ഞുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാത്തത്. ആ വകയിലൂടെ മാത്രം 1800 കോടി രൂപ നികുതിയായി ഈ ഗവണ്മെന്റിനു കിട്ടുന്നുണ്ട്. അത്രയും പെരുത്ത സംഖ്യ നികുതിയായി കിട്ടുമ്പോൾ ആ വരുമാനത്തിന്റെ ഒരു ഭാഗം എന്തുകൊണ്ട് ഈ പൊതുമേഖലാസ്ഥാപനത്തിനുവേണ്ടി നീക്കിവയ്ക്കാൻ ഗവൺമെന്റ് സൻമനസ്സു കാണിക്കുന്നില്ല. ഞാൻ കർശനമായി ആവശ്യപ്പെടുന്നു: കേരളത്തിന്റെ യാത്രാവശ്യങ്ങൾക്കുമുമ്പിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനത്തോട് ഗവൺമെന്റിനു ലവലേശം കൂറുണ്ടെങ്കിൽ ഏറ്റവും ചുരുങ്ങിയത് 100 കോടി രൂപയെങ്കിലും

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

ഈ വരുമാനത്തിൽ നിന്നു കെ.എസ്.ആർ.ടി.സി.-ക്കു മാറ്റിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതാണ്. അങ്ങനെ ചെയ്യുമോ എന്നറിയാൻ എനിക്കു താല്പര്യമുണ്ട്. കെ.എസ്.ആർ.ടി.സി. രംഗം പതുക്കെ പതുക്കെ വിട്ടൊഴിയുകയാണ്. ഉത്തരകേരളത്തിൽ ഡിപ്പോകൾ പൂട്ടുന്നു, ഷെഡ്യൂളുകൾ റദ്ദാക്കിക്കൊണ്ടിരിക്കുന്നു. പല സ്ഥലങ്ങളിലും ബസ്സുകൾ ഓടുന്നതേയില്ല. ഒരുപാടു ലാഭകരമായ, മാതൃകാപരമെന്ന് വാഴ്ത്തപ്പെട്ട Town to Town സർവ്വീസുകൾക്ക് ഒരുപാടു ആരാധകരുണ്ടായിരുന്നു. കോഴിക്കോട്-കണ്ണൂർ, കോഴിക്കോട്-കാസർകോഡ്, കോഴിക്കോട്-പാലക്കാട്, കോഴിക്കോട്-തൃശ്ശൂർ തുടങ്ങിയ എല്ലാ റൂട്ടുകളിലേയും ദീർഘദൂര സർവ്വീസിനുവേണ്ടി യാത്രക്കാർ കാത്തുനിൽക്കുമായിരുന്നു. ഇവയെല്ലാം ഒരു കാരണവും കൂടാതെ നിർത്തലാക്കി. അവിടെയെല്ലാം സ്വകാര്യ മേഖലയ്ക്ക് നിർബാധം കടന്നുവരാൻ കെ.എസ്.ആർ.ടി.സി.-യും ഗവൺമെന്റും അറിഞ്ഞുകൊണ്ട് വഴിയൊരുക്കിക്കൊടുക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. പിന്നെ എങ്ങനെയാണ് വരുമാനം വർദ്ധിക്കുക? വരുമാനം വർദ്ധിക്കണമെങ്കിൽ നല്ല സർവ്വീസുകൾ ഏർപ്പെടുത്തണം. അതിനുവേണ്ടി എന്തു ത്യാഗം സഹിക്കാനും തയ്യാറുള്ള തൊഴിലാളികളാണ് അവിടെയുള്ളത്. പക്ഷേ ഷെഡ്യൂളുകളുടെ കാര്യത്തിലുള്ള അശാസ്ത്രീയമായ സമീപനം മൂലവും, സ്വകാര്യ മാനേജുമെന്റുകൾക്ക് പലപ്പോഴും വഴങ്ങിക്കൊടുക്കുന്ന നിലപാടുമൂലവും, ഷെഡ്യൂൾ കാൻസലേഷനും, ലാഭകരമായ സർവ്വീസ് നിർത്തലാക്കലും, നല്ല നല്ല ബസ്സുകൾ ഓരോ കാരണം പറഞ്ഞുകൊണ്ട് ഡിപ്പോയിൽ നിന്നും മാറ്റിക്കൊണ്ടുപോകലുമെല്ലാം ഇന്നു പതിവായിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ കെ.എസ്.ആർ.ടി.സി. ഇന്നൊരു പുതിയ ആപത്തിനെ നേരിടുകയാണ്. തൊഴിലാളികൾക്ക് ഡി.എ. കിട്ടുന്നില്ല, പ്രൊമോഷനില്ല, ചികിൽസാസൗകര്യങ്ങളില്ല. അവകാശങ്ങളെല്ലാം ഓരോന്നോരോന്നായി പിടിച്ചു പറിക്കപ്പെടുന്നതു ശരിയല്ല. കെ.എസ്.ആർ.ടി.സി. ഗവൺമെന്റിന്റെ മുമ്പിൽ ജീവിക്കുവാൻവേണ്ടി, മുന്നോട്ടുപോകുവാൻ വേണ്ടി കൈകൾ നീട്ടിപ്പിടിക്കുകയാണ്. തീർച്ചയായും ഗവൺമെന്റ് ആ നീട്ടിപ്പിടിച്ചിരിക്കുന്ന കൈകളെ അവഗണിക്കാൻ പാടില്ല. കെ.എസ്.ആർ.ടി.സി.-യെ സഹായിച്ചേ മതിയാകൂ. അതൊരു അനാഥക്കുഞ്ഞല്ലേ? ആ കെ.എസ്.ആർ.ടി.സി.-ക്കു പാൽ വേണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ട്, ജനങ്ങളുടെ അഭിലാഷങ്ങളെ മാനിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാൻ വേണ്ടി ഗവൺമെന്റ് എന്തു ചെയ്യുമെന്ന് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചു പറയുമ്പോൾ, അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. അതിനെപ്പറ്റി അഭിപ്രായ വ്യത്യാസമില്ല. പക്ഷേ അതു എപ്പോൾ ആരംഭിച്ചതാണെന്ന് ആലോചിക്കണം. കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യെ പുതിയ ഗവൺമെന്റിന് ഏല്പിക്കുമ്പോൾ എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്കു കൊടുത്ത് ലാഭകരമായി നടത്തിയിരുന്ന ഒരു സ്ഥാപനമായിരുന്നു. ഞാൻ ശ്രീ. ബിനോയ് വിശ്വത്തിനെ കുറ്റപ്പെടുത്തുന്നതല്ല. എനിക്കു വളരെ വേണ്ടപ്പെട്ടയാളാണ് അദ്ദേഹം. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. തിരിച്ച് ഞങ്ങളെ ഏല്പിക്കുമ്പോൾ 562 കോടി രൂപയുടെ cash loss ഉണ്ടായിരുന്നു. റിട്ടയർ ചെയ്ത് രണ്ടരക്കൊല്ലമായി തൊഴിലാളികൾക്ക് 250 കോടി രൂപയിൽ ചിലാനം കൊടുക്കാനുണ്ടായിരുന്നതുപോലും കൊടുക്കാതെയിരുന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് ഈ സ്ഥാപനം ഏറ്റെടുത്തത്. ഒരു ഗവൺമെന്റ് ഭരിച്ച കാലത്ത് അവിടത്തെ തൊഴിലാളികൾക്കു കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഗവൺമെന്റിൽ നിന്നും ശമ്പള പരിഷ്കരണത്തിനുവേണ്ടി 40 കോടി രൂപയുടെ അനുവാദം വാങ്ങിയത് എന്റെ സ്നേഹിതൻ ശ്രീ. സി.കെ. നാണു മന്ത്രിയായിരിക്കുമ്പോഴാണ്. അദ്ദേഹമാണ് അതിനു അനുവാദം കൊടുത്തത്. 200 കോടി രൂപയാണ് ഒരു എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് കൊടുക്കേണ്ടി വന്നത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പിന്നേയും 42 കോടി രൂപയും കൂടി കൊടുക്കേണ്ടി വന്നു. ഇപ്പോൾ അതെല്ലാം കൊടുത്തു തീർത്തു. ഈ സാമ്പത്തിക പ്രതിസന്ധിയുണ്ടായത് ഞങ്ങളുടെ ആരുടേയും കുറ്റം കൊണ്ടല്ല. സാമ്പത്തിക പ്രതിസന്ധിയുണ്ടായതിനു രണ്ടു കാരണങ്ങളുണ്ട്. എവിടെ നിന്നോ അന്നൊരു എം.ഡി.-യെ കൊണ്ടുവന്നു. അദ്ദേഹം ഇപ്പോൾ എറണാകുളത്തു ബി.ജെ.പി. സ്ഥാനാർത്ഥിയായിട്ടു മൽസരിക്കുകയാണ്. അദ്ദേഹത്തെ കൊണ്ടുവന്ന് ആ സ്ഥാപനത്തെ തകർത്തു തരിപ്പണമാക്കി. കരിമ്പിൻതോട്ടത്തിൽ കാട്ടാന കയറിയതുപോലെയാണ് ഈ സ്ഥാപനത്തെ തകർത്തത്. നിങ്ങൾ ആലോചിക്കണം, ശ്രീ. സി. കെ. നാണു ഇവിടെ ഇരിക്കുന്നുണ്ട്. 40 കോടി രൂപയ്ക്ക് അദ്ദേഹം അനുവാദം കൊടുത്തു. 200 കോടി രൂപയാണ് സുപ്രീംകോടതിയിൽ പോയി retrospective effect പറഞ്ഞു വാങ്ങിയത്. എന്നിട്ടും പെൻഷൻകാർ അമ്പതു കോടിയോളം രൂപ വീണ്ടും വാങ്ങിച്ചു. ന്യായമായിട്ടും എഗ്രിമെന്റ് വ്യവസ്ഥയനുസരിച്ച് കൊടുക്കാനുള്ളതാണ്. ഇതും സാമ്പത്തികമായി തകർത്തു. വണ്ടി വാങ്ങാൻ വേണ്ടി 85 കോടി രൂപ ഹഡ്കോയിൽ നിന്നും കടമെടുത്തു. അദ്ദേഹത്തിനറിയാം, വണ്ടി വാങ്ങിയില്ല. ആ പണം മുഴുവൻ ജെയിംസ് ജോസഫിന്റെ കാലത്ത് മറ്റാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചു. ആ പണവും പലിശയും പൂർണ്ണമായും കൊടുത്തു തീർത്തത് കഴിഞ്ഞ മാസമാണ്. ഗവൺമെന്റ് ഒരു മാസം മൂന്നു കോടി അറുപതു ലക്ഷം രൂപ വച്ച് കുടിശ്ശിക മുഴുവൻ ഹഡ്കോയ്ക്ക് കൊടുത്തു തീർത്തു. ഇപ്പോൾ സാമ്പത്തികമായും ഒരു വിധം ഭദ്രതയിലേയ്ക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ കടമൊന്നുമില്ലായിരുന്നുവെങ്കിൽ കെ.എസ്.ആർ.ടി.സി. തൻമാസത്തെ കണക്കനുസരിച്ച് ഇപ്പോൾ ലാഭത്തിലാണ്. അതുകൊണ്ട് ഇതു ഞങ്ങളാരും ഉണ്ടാക്കിയതല്ല, കാലാകാലങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് യൂണിയനുകളുമായുണ്ടാക്കിയ എഗ്രിമെന്റുകളും ശ്രദ്ധയില്ലാത്ത, ഉത്തരവാദിത്വമില്ലാത്ത മാനേജിംഗ് ഡയറക്ടർമാർ, മന്ത്രിയുടെ നിർദ്ദേശത്തെപ്പോലും ധിക്കരിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലവുമാണ് ഇന്നിവിടെ സംഭവിച്ചിരിക്കുന്നത്. അതു പരിഹരിക്കാനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ മാസത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തൊഴിലാളികൾക്കു കൊടുക്കാനുണ്ടായിരുന്ന ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തുതീർക്കുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ളതു ഇതുവരെ തൊട്ടിട്ടില്ല. അതിനു ഓരോ മാസവും കളക്ഷനിൽ നിന്നും അഞ്ചരക്കോടി രൂപ വച്ച്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്കു കൊടുക്കുന്നതിൽ ഞങ്ങൾക്ക് ആക്ഷേപമൊന്നുമില്ല. 100 ശതമാനവും കൊടുക്കാനുള്ള ആനുകൂല്യങ്ങൾ കൊടുത്തിട്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് പോയത്. ഒരു പൈസപോലും കൊടുക്കാനുണ്ടായിരുന്നില്ല. ഇപ്പോൾ ഒരുവിധം നല്ല വണ്ടികളൊക്കെ ഓടുന്നുണ്ട്. ഇപ്പോൾ നല്ല കളക്ഷനുമുണ്ട്. ചെലവു വീണ്ടും വർദ്ധിച്ചു. Chassis-ന്റെ വില വർദ്ധിച്ചു, സ്റ്റീലിന്റെ വില വർദ്ധിച്ചു, ടയറിന്റെ വില വർദ്ധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ലിറ്റർ ഡീസലിനു 8 രൂപ 66 പൈസയാണ് വർദ്ധിച്ചത്. എന്നുപറഞ്ഞാൽ ഒരു കിലോമീറ്റർ ഓടുന്നതിനു ഏതാണ്ട് രണ്ടര മൂന്നു രൂപയോളം വർദ്ധിച്ചു. എന്നിട്ടും നമ്മൾ പിടിച്ചുനിന്നു. ഇനിയും ഇങ്ങനെ പിടിച്ചുനിന്നു മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയാണ്. ഞാൻ പറയുന്നതിൽ അങ്ങ് ക്ഷമിക്കണം. എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ല—കെ.എസ്.ആർ.ടി.സി-യുടെ ചരിത്രത്തിൽ ഗവൺമെന്റിൽ നിന്നും ഒരു പൈസ പോലും ബഡ്ജറ്റിൽ നീക്കിവയ്ക്കാത്ത ഒരു ബഡ്ജറ്റാണ് നിർഭാഗ്യവശാൽ നമുക്കുണ്ടായിട്ടുള്ളത്. ഷെയിം ഒന്നുമില്ല. പണം ഇല്ലാത്തതുകൊണ്ടാണ്. ആ പരുവത്തിലായി നമ്മുടെ രാജ്യം. കഴിഞ്ഞ കൊല്ലവും നവീകരണത്തിനെന്നു പറഞ്ഞ് അഞ്ചു കോടിയോ ഏഴ് കോടിയോ നീക്കിവച്ചു. അതിനുമുൻപ് വച്ചിരുന്നത് കെ.റ്റി.ഡി.എഫ്.സി.-ക്ക് കൊടുത്ത് അവിടെ നിന്നും വാങ്ങുകയായിരുന്നു. കെ.റ്റി.ഡി.എഫ്.സി.-ക്ക് ഇനിയും 200 കോടി രൂപയാണ് അടച്ചുതീർക്കാനുള്ളത്. ഗവൺമെന്റിൽ നിന്നും എന്തെങ്കിലും സഹായം കിട്ടുന്നത് നല്ലതാണ്. ഗവൺമെന്റിൽ നിന്നും കൊടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരിക്കാം. എനിക്കറിയില്ല. എന്തായാലും ബഡ്ജറ്ററി സപ്പോർട്ട് ഇല്ല. കഴിഞ്ഞ ദിവസം ഡെപ്യൂട്ടി സ്പീക്കർ എന്നാട് ചോദിച്ചു, ഞാൻ അദ്ദേഹത്തോട് പറഞ്ഞു-ബഡ്ജറ്ററി സപ്പോർട്ട് ഇല്ലാതെ വന്നത് എന്താണെന്നു ചോദിച്ചാൽ ഒറ്റയ്ക്ക് നിൽക്കണം എന്നുള്ളതുകൊണ്ടായിരിക്കും. ഇപ്പോൾ നമ്മൾ കടമൊക്കെ തീർത്ത് പുതിയ വണ്ടികളൊക്കെ ഓടിക്കുകയാണ്. ഈ അവസരത്തിലാണ് ഒരു കാര്യം ഓർക്കേണ്ടത്—ഈ ഉൽസവ കാലത്ത് നെറ്റിപ്പട്ടം കെട്ടിയ ആനയെ എഴുന്നള്ളിക്കുന്നതുപോലെ സ്വകാര്യ ബസ്സുകളോടൊപ്പം കെ.എസ്.ആർ.ടി.സി.-യെ ഇതിനകത്തുകൂടെ എഴുന്നള്ളിക്കണമോ വേണ്ടയോയെന്ന് ഈ സഭ ആലോചിക്കണം. അഞ്ചു രൂപ പോലും കളക്ഷൻ ഇല്ലാത്ത ഷെഡ്യൂളുകൾ നിർത്തലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇവിടെ പ്രൈവറ്റ് ബസ്സുകൾ ഇഷ്ടംപോലെ അനുവദിക്കണം. ദേശവൽക്കരണം വേണ്ട, ട്രാൻസ്പോർട്ട് ബസ്സ് ഓടുകയും വേണം. ആ നിലപാട് നമുക്ക് സ്വീകരിക്കാൻ നിവൃത്തിയില്ല. ഈ സഭയ്ക്കറിയാം ഗവൺമെന്റ് തീരുമാനിച്ച് ഒരു സബ് കമ്മിറ്റിയെ വച്ചു. ആ സബ്കമ്മിറ്റി തീരുമാനിച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 10 രൂപയിൽ താഴെ വരുമാനമുള്ള ട്രാൻസ്പോർട്ട് സർവ്വീസുകൾ, സ്വകാര്യ ബസ്സുകൾ ഓടുന്നിടത്ത് ഓടിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് സ്വകാര്യ ബസ്സുകൾ ഓടുന്ന റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സ് ഓടിച്ച് നിലനിൽക്കാൻ കഴിയില്ല. 18 രൂപയെങ്കിലും കിലോമീറ്ററിന് വരുമാനമില്ലാത്ത റൂട്ടുകളിൽ നമുക്ക് ഓടിക്കാൻ സാധിക്കില്ല. അതുകൊണ്ട് 10 രൂപപോലും വരുമാനമില്ലാത്ത റൂട്ടുകൾ നിർത്താൻ അനുവദിക്കണം. അല്ലാതെ വേറെ മാർഗ്ഗമില്ല. അല്ലെങ്കിൽ എം.എൽ.എ.-മാർ എല്ലാം ചേർന്ന് ഏതാനും റൂട്ടുകൾ ദേശസാൽക്കരിക്കാൻ സമ്മതിക്കണം. അതുപറ്റില്ല. മലബാറിൽ ചെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ അവർക്ക് അവിടെ സ്റ്റേറ്റ് വണ്ടി ഓടണം. അതുരണ്ടുംകൂടി പറ്റില്ല. ഒന്നുകിൽ സ്വകാര്യ ബസ്സുകൾ കേന്ദ്രീകരിക്കുന്ന റൂട്ടുകളിൽ അവർ ഓടട്ടെ. നമ്മൾ മാറി നിൽക്കാം. ട്രാൻസ്പോർട്ട് ബസ്സ് ഓടുന്ന, ദേശസാൽക്കരിച്ച റൂട്ടുകളിൽ അവർ ഓടട്ടെ. ഇതു രണ്ടുംകൂടി നടത്താൻ പറ്റില്ല. ഡീസൽ ഓയിലിന്റെ വില പോലും കിട്ടാത്ത, ചെലവു പോലും വഹിക്കാൻ കഴിയാത്ത റൂട്ടുകളിൽ വണ്ടി ഓടിക്കുക എന്നുപറയുന്നത് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. അതിനുള്ള സമ്പാദ്യം ഇല്ല. അങ്ങ് പറഞ്ഞതുപോലെ സാമ്പത്തികമായി കഴിവുണ്ടെങ്കിൽ ഒരു പൈസയും ഗവൺമെന്റിന് കൊടുക്കണ്ട. ഒരുപാട് സാമൂഹികമായ കാര്യങ്ങൾ ചെയ്യുന്നതാണ് കെ.എസ്.ആർ.ടി.സി. കുട്ടികളുടെ കൺസഷൻ, വികലാംഗരുടെ പാസ്സ് ഇവയൊക്കെ കൊടുക്കണം. നമ്മുടെ കണക്കനുസരിച്ച് 38 കോടി രൂപയാണ് വികലാംഗരുടെ പാസ്സ് കൊടുത്തതിൽ മാത്രം കിട്ടേണ്ടത്. അതാണ് സ്ഥിതി. ഈ ഇനത്തിൽ നമുക്ക് ഒരുപാട് സാമൂഹ്യ പ്രവർത്തനങ്ങൾ നടത്താൻ പ്രതിബദ്ധതയുണ്ട്. ഇതെല്ലാം കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ടിൽ നിന്നാണ് നടത്തുന്നത്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ കൊടുക്കുന്ന സ്ഥാപനം കെ.എസ്.ആർ.ടി.സി.-യാണ്. ഇതുപോലെ മറ്റൊരു സ്ഥാപനവും ഇല്ല. ഒരു മാസം പെൻഷൻ കൊടുക്കാൻ ഏഴേമുക്കാൽ കോടി രൂപ വേണം. ഇൻഡ്യയിൽ പെൻഷൻ കൊടുക്കുന്നത് നമ്മുടെ കെ.എസ്.ആർ.ടി.സി. മാത്രമാണ്. അത് നടപ്പിലാക്കിയത് യു.ഡി.എഫ്. ഗവൺമെന്റുമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പെൻഷൻ പറ്റുന്ന ആളുകളുടെ എണ്ണം കൂടുകയും വയസ് വർദ്ധിക്കുകയും ചെയ്യുന്നതനുസരിച്ച് പെൻഷൻ തുക ഓരോ മാസവും കൂടിക്കൊണ്ടിരിക്കുകയാണ്. 100 കോടി രൂപ ഒരു വർഷം പെൻഷൻ കൊടുക്കാൻ വേണം. ഇതൊക്കെ നമ്മുടെ ആരുടേയും കുറ്റമല്ല, സാമ്പത്തികമായ കഴിവുണ്ടാകുന്ന സമയത്ത് ആ മുഴുവൻ പൈസയും തൊഴിലാളികളുടെ സാമ്പത്തികമായ കഴിവുകൾക്കുവേണ്ടി വിനിയോഗിക്കും. ഗവൺമെന്റ് ഒരു പൈസയും എടുക്കുകയില്ല. ഗവൺമെന്റ് അതു മുഴുവൻ തൊഴിലാളികൾക്ക് കൊടുക്കും. ഒരു പൈസയും ഗവൺമെന്റിന് ആവശ്യമില്ല.

ശ്രീ. സി. കെ. നാണു : എനിക്ക് ഒരു കാര്യം പറയാനുണ്ട്.....

മി. സ്പീക്കർ : No.... No..... Personal Explanation-ഉണ്ടെങ്കിൽ അതിന് വേറെ സമയമുണ്ട്, അപ്പോൾ ചോദിച്ചാൽ മതി.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ അദ്ദേഹത്തിനെതിരായി ഒന്നും പറഞ്ഞില്ല.

ശ്രീ. ബിനോയ് വിശ്വം : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 1996-ലെ കാര്യങ്ങളാണ്. ഞാൻ ഇവിടെ ഉന്നയിച്ചത് 2004-ലെ കാര്യങ്ങളാണ്. തൊഴിലാളികളുടേയും പെൻഷൻകാരുടേയും ഡി.എ. എന്നു കൊടുക്കും, അവർക്ക് നിഷേധിക്കപ്പെട്ട ചികിൽസാ സൗകര്യങ്ങൾ എന്ന് പുനഃസ്ഥാപിക്കും, നിങ്ങൾ നിർത്തലാക്കിയ ഷെഡ്യൂളുകൾ എന്ന് പുനഃസ്ഥാപിക്കും, നിങ്ങൾ നിർത്തലാക്കിയ ഡിപ്പോകൾ എന്ന് പുനഃസ്ഥാപിക്കും എന്നാണ് എനിക്ക് അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഒരു ഡിപ്പോയും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല. ഒരു ഡിപ്പോയും പുത്തനായി തുടങ്ങാനും ഉദ്ദേശിക്കുന്നില്ല. ജീവനക്കാർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ എന്ന് കൊടുക്കാൻ പറ്റുമെന്ന് നിങ്ങളുടെ യൂണിയനുകൾക്ക് എന്നെക്കാളും അറിയാവുന്നതാണ്. സാമ്പത്തികമായ കഴിവുണ്ടെന്ന് യൂണിയൻകാർ സ്ഥാപിക്കുമ്പോൾ അന്ന് കൊടുക്കാം. ഒരു വിരോധവുമില്ല. എന്നെക്കാൾ അതിന്റെ കണക്ക് കൈകാര്യം ചെയ്യുന്നത് നിങ്ങളാണ്. അവർക്കറിയാം. ഷെഡ്യൂളുകളെ സംബന്ധിച്ച് ഞാൻ പറഞ്ഞു 10 രൂപയിൽ താഴെ വരുമാനമുള്ള ഷെഡ്യൂളുകൾ നടത്തി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. അങ്ങനെ നടത്തുന്നോറും ഡി.എ. നൽകുന്നത് പിന്നെയും താമസിക്കും.

(2) വയനാട് ജില്ലയിലെ വരൾച്ചയും കുടിവെള്ളക്ഷാമവും

ശ്രീ. എൻ. ഡി അപ്പച്ചൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ വയനാട് ജില്ലയിൽ പ്രത്യേകിച്ച് സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ കടുത്ത വരൾച്ച മൂലം കുടിവെള്ളം ലഭിക്കാൻ മാർഗ്ഗമില്ലാതെ ജനങ്ങൾ നെട്ടോട്ടമോടിക്കൊണ്ടിരിക്കുകയാണ്. അവിടെ കിണറുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളുമെല്ലാം വറ്റിവരണ്ടിരിക്കുകയാണ്. നാലും അഞ്ചും കിലോമീറ്റർ സഞ്ചരിച്ചാണ് ജനങ്ങൾ കുടിവെള്ളം കൊണ്ടുവന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കർണ്ണാടകയോട് തൊട്ടുകിടക്കുന്ന മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ് കഴിഞ്ഞ മൂന്നു വർഷമായി കാലവർഷം ചതിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷം തുലാവർഷവും ചതിച്ചു. വയനാട് ജില്ലയിൽ ഇപ്പോൾ ഭൂഗർഭ ജലവിതാനം ഏതാണ്ട് നാല് മീറ്ററോളം താണുപോയി. വയനാട് ജില്ല ഒരു കാലഘട്ടത്തിലും അനുഭവിക്കാത്ത തരത്തിലുള്ള വരൾച്ചയാണ് ഈ ഡിസംബർ മാസം മുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക വിളകൾ മുഴുവൻ ഉണങ്ങി നശിച്ചു. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച മൂലം ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്ക് ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചതുപോലെയായിരിക്കുന്നു. ഈ വരൾച്ച മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് പുതുതായി കിണറുകളും, കുളങ്ങളും, പൈപ്പ് ലൈനുകൾ നീട്ടുന്നതുമായ പ്രവൃത്തികൾ പുതുതായി ആരംഭിക്കേണ്ടിയിരിക്കുന്നു. പുതിയ പ്രവൃത്തികളൊന്നും നടപ്പാക്കാൻ പാടില്ല എന്നാണ് ഇവിടെ പറയുന്നത്. അങ്ങനെ വന്നാൽ കുടിവെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾ വളരെയേറെ പ്രയാസമനുഭവിക്കേണ്ടി വരും. അതുകൊണ്ട് കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വരൾച്ചകൊണ്ട് കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അടിയന്തിരപ്രാധാന്യത്തോടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കാനുള്ള നടപടി